## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4184** — **20/03/2018-ൽ മറുപടിയ്ക്ക്**

### കൊട്ടുവള്ളി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ മുൻ എം എൽ എ ശ്രീ. കോടിയേരി ബാലകൃഷ്ണൻ 2015-16 വർഷത്തെ അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ കൊട്ടുവള്ളി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചിരുന്നതിന്റെ (ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ നം. 1130/17/തസ്വഭവ തീയതി 11/04/2017) നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | (എ) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി സ്വീകരിച്ച് എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമായോ? ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. |
| (സി) | ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ ആവും എന്നാണ് സർക്കാർ കരുതുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | ടി പ്രവൃത്തി ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ